**ശ്രദ്ധക്ഷണിക്കൽ**

വിമാന സർവീസുകളുടെ നിർത്തലാക്കലും ടിക്കറ്റ് ചാർജ് വർധനവും മൂലമുള്ള പ്രവാസികളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, നമ്മുടെ രാജ്യത്തിന്റെ വിദേശ നാണയ ശേഖരത്തിൽ വലിയ സംഭാവന അർപ്പിക്കുന്നവരാണ് പ്രവാസികൾ. ലോകത്തിന്റെ ഏതുഭാഗത്ത് ചെന്ന് നോക്കിയാലും മലയാളി സാന്നിധ്യം കാണാൻ കഴിയും. ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽ പ്രവാസികൾ വഹിച്ച പങ്ക് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അവരുടെ വിയർപ്പിന്റെ ഗന്ധം ഈ കേരളീയ പുരോഗതിയിൽ നമുക്ക് കാണാൻ കഴിയും. പലപ്പോഴും പ്രവാസികൾ അവധിക്കാലത്തും ഉത്സവകാലത്തുമാണ് സ്വന്തം നാട്ടിലേക്ക് വരുന്നത്. ഈ ഘട്ടങ്ങളിൽ വിമാന കമ്പനികളും വൻകിട ട്രാവൽ ഏജൻസികളും ചേർന്ന് വൻകൊള്ളയാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് കാണാം. തിരക്കേറിയ സമയം ആവശ്യത്തിന് വിമാന സർവീസില്ലാത്തതിനാൽ ടിക്കറ്റ് ലഭിക്കാതെ വിഷമിക്കുന്ന അവസ്ഥയുമുണ്ട്. അപ്രതീക്ഷിതമായ സർവീസ് റദ്ദാക്കൽ വലിയ ദുരിതമാണ് പ്രവാസികൾക്ക് സമ്മാനിക്കുന്നത്. പലപ്പോഴും അതിന്റെ

ഫലമായി പലർക്കും ജോലി നഷ്ടപ്പെട്ട സാഹചര്യങ്ങൾപോലുമുണ്ടെന്ന് കാണാം. വിമാനത്താവളത്തിലെത്തിയ ശേഷമാണ് ഫ്ലൈറ്റില്ലെന്ന വിവരം അവർ അറിയുന്നത്. മണിക്കൂറുകൾ അവിടെ വല്ലാത്ത വിഷമാവസ്ഥ തരണം ചെയ്ത് മുന്നോട്ട് പോകേണ്ട സ്ഥിതിവിശേഷമുണ്ട്. കേന്ദ്ര സർക്കാരാണെങ്കിൽ വിമാന കമ്പനികൾക്ക് ഇന്ധനം സൗജന്യ നിരക്കിൽ നൽകുന്നുണ്ട്. പക്ഷേ വിമാന കമ്പനികൾ നടത്തുന്ന കൊള്ള നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നുമാത്രമല്ല അത്തരം കമ്പനികൾക്ക് പ്രോത്സാഹനം നൽകുന്ന സ്ഥിതി വിശേഷമാണ് ഉണ്ടാകുന്നത്. ലഗേജുകൾ നഷ്ടപ്പെടൽ, ലഗേജുകൾ വരുന്നത് താമസിക്കൽ എന്നിങ്ങനെ തുടർച്ചയായി പരാതികൾ ഉയർന്നുവരുന്ന സാഹചര്യം നമ്മൾ കാണുകയാണ്. ഈ ഡിസംബർ മാസത്തിൽ ഇൻഡിഗോ-യുടെ ആയിരം സർവീസുകളാണ് ഒറ്റയടിക്ക് റദ്ദാക്കിയത്. അതിന്റെ ഭാഗമായുണ്ടായ യാത്രാ ദുരിതം വിവരണാതീതമാണെന്ന് എല്ലാവർക്കും അറിയാം. അത്തരത്തിൽ ആഭ്യന്തര കമ്പനികളും യാത്രാ നിരക്ക് കൂട്ടി മുന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. ഇത് കേരളത്തിലെ ടൂറിസം മേഖലയ്ക്കും ഏറ്റവും തിരിച്ചടിയായി മാറുന്ന അവസ്ഥയുണ്ട്. ഒരു കാലത്ത് എയർ ഇന്ത്യ ലോകത്തിന്റെ

അഭിമാനമായിരുന്നെന്ന് മാത്രമല്ല മലയാളികൾ അഭിമാനിച്ച സർവീസായിരുന്നു. മലയാളികളും ഇന്ത്യക്കാരും മാത്രമല്ല ലോകത്തിലെ ഏത് ജനവിഭാഗവും എയർ ഇന്ത്യ യാത്ര ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. ആ എയർ ഇന്ത്യ-യെ പൂർണമായി തകർത്ത് ഇപ്പോൾ സ്വകാര്യവൽക്കരിച്ച് നമുക്ക് വ്യോമയാന രംഗത്ത് ഒരു പങ്കുമില്ലാത്ത അവസ്ഥ വന്നിരിക്കുന്നു.

<u>മി. സ്പീക്കർ</u>: യെസ്... യെസ്...

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, സ്വകാര്യ കമ്പനികൾക്ക് കൊള്ളയടിക്കാനുള്ള സൗകര്യമാണ് ഇതിന്റെ ഭാഗമായി ഉണ്ടായിരിക്കുന്നത്. ഈ യാത്രാ ദുരിതം പരിഹരിക്കണം. കേന്ദ്രം ബജറ്റ് അവതരിപ്പിച്ചെങ്കിലും ഈ ദുരിതം പരിഹരിക്കുന്നതിനായുള്ള ഒരു നിർദേശവും അതിൽ നമുക്ക് കാണാൻ കഴിയുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിന് തനതായി ബദൽ പരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകാൻ കഴിയുമോ? ഇക്കാര്യം ആലോചിക്കേണ്ടതാണ്. നോർക്കാ റൂട്ട്സ് ഈ രംഗത്ത് പ്രവാസികൾക്ക് ഏറ്റവും സഹായകരവും മാതൃകാപരവുമായ പ്രവർത്തനമാണ് നടത്തിവരുന്നത്. Skyscanner, MakeMyTrip തുടങ്ങിയ ഓൺലൈൻ പോർട്ടലുകളുണ്ട്. ആ മാതൃകയിൽ നോർക്കാ റൂട്ട്സിനും

അത്തരമൊരു സംവിധാനം ഏർപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്. വെട്ടിക്കുറച്ച സർവീസുകൾ പുനഃസ്ഥാപിക്കണം. ടിക്കറ്റ് വർധന തടയാൻ ഫലപ്രദമായ നടപടികളുണ്ടാകണം. ബൾക്ക് ടിക്കറ്റ് പർച്ചേസ് എന്ന സമ്പ്രദായമുണ്ട്. ട്രാവൽ ഏജൻസികൾ ആറ് മാസം, ഒരു വർഷം മുമ്പേ മുഴുവൻ ടിക്കറ്റുകളും വാങ്ങുകയും ഏറ്റവും തിരക്കേറിയ സമയങ്ങളിൽ യാത്രക്കാർക്ക് വമ്പിച്ച വില നൽകി ടിക്കറ്റ് വാങ്ങേണ്ട അവസ്ഥയുണ്ടാക്കുകയും ചെയ്യുകയാണ്.

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഈ പകൽകൊള്ള അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം യാത്രക്കാരുടെ ബുദ്ധിമുട്ടുകളുമായി ബന്ധപ്പെട്ട് ഉന്നയിച്ച പ്രശ്നങ്ങൾ ഗൗരവമായത് തന്നെയാണ്. ഇത് പല ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷേ, കേന്ദ്ര സർക്കാർ സ്വീകരിച്ച നയത്തിൽ മാറ്റമൊന്നും വരുത്താൻ തയ്യാറായിട്ടില്ല. അതാണ് ഈ അവസ്ഥ

തുടരാൻ കാരണം. ഇൻഡിഗോ-യുമായി ബന്ധപ്പെട്ട പ്രശ്നത്തിലാണ് വ്യാപകമായ യാത്രാ വിഷമം നേരിടേണ്ടി വന്നത്. അത് നമ്മുടെ രാജ്യത്തെതന്നെ എല്ലാ വിമാനത്താവളങ്ങളെയും, എയർ സർവീസുകളെയും ബാധിച്ച തരത്തിലായിരുന്നു. കാരണം, ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ ഏറെക്കുറെ സ്വകാര്യ രംഗം തന്നെ ഇൻഡിഗോ എന്ന കമ്പനി കയ്യടക്കിയ രീതിയാണ്. അതിനുപുറമെ, എയർ ഇന്ത്യയുൾപ്പെടെ സ്വകാര്യവൽക്കരിച്ച്, അതിന്റെ ഭാഗമായി ഇപ്പോൾ സ്വകാര്യ മേഖലയിൽ കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രധാനമായും ഏറ്റവും ഉന്നതിയിൽ നിൽക്കുന്നത് ഇൻഡിഗോ തന്നെയാണ്. അവർ പ്രയാസത്തിലായപ്പോൾ യാത്രക്കാരാകെ വിഷമത്തിലാകുന്ന സ്ഥിതിയുണ്ടായി. അത് ആവർത്തിക്കാതിരിക്കാനുള്ള കരുതൽ നടപടികൾ സ്വീകരിക്കണമെന്നതും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. യാത്രക്കാരുടെ ഈ വിഷമകരമായ സാഹചര്യം പരിഗണിച്ച് കേരള സർക്കാർ ഒരു ബദൽ സംവിധാനം ഏർപ്പെടുത്തുകയെന്നത് പ്രായോഗികമായ കാര്യമല്ല. അത് തൽക്കാലം ആലോചിക്കുന്നില്ല. എന്തെന്നാൽ, അത് ഒട്ടേറെ പ്രയാസത്തിന് ഇടയാക്കുകയാണ് ചെയ്യുക. അതിനുപകരം വിദേശത്തുനിന്ന് ഉത്സവ

സീസണുകളിലും മറ്റും ഇങ്ങോട്ട് വരുന്ന ആളുകൾക്ക് സഹായകരമാകുന്ന തരത്തിൽ ചാർട്ടേഡ് ഫ്ലൈറ്റുകളിറക്കാൻ സാധിക്കുമോയെന്ന് ആലോചിച്ചിരുന്നു. അതും പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. അതുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രയാസങ്ങൾ അനുഭവപ്പെടുകയും ചെയ്തു. ഏതായാലും യാത്രാക്കാർ അനുഭവിക്കുന്ന വിഷമം വളരെ വലുതാണ്. ആ വിഷമം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. അതിനായി തുടർന്നും കേന്ദ്ര സർക്കാരിൽ സംസ്ഥാന സർക്കാർ സമ്മർദം ചെലുത്തുന്നതാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, മലബാർ ഏരിയയിലെ ആദ്യത്തെ വിമാനത്താവളമായ കരിപ്പൂരും കണ്ണൂർ വിമാനത്താവളത്തിലും കൂടുതൽ ആഭ്യന്തര അന്താരാഷ്ട്ര വിമാനങ്ങളും കാർഗോ വിമാനങ്ങളും എത്തിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോടും കണ്ണൂരും തമ്മിൽ വ്യത്യാസമുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടേണ്ടതായിട്ടുണ്ടെന്നുള്ളതാണ് അവിടെയുണ്ടാകുന്ന പ്രയാസം. എന്നാൽ കണ്ണൂരിന്റെ പ്രശ്നം അതല്ല, കണ്ണൂരിന് എല്ലാ

സൗകര്യമുണ്ട്. അവിടെ Point of call (PoC) സൗകര്യം കൊടുക്കാത്തതുകൊണ്ടാണ് മറ്റ് സർവീസുകൾ ഇല്ലാത്തത്. കോഴിക്കോടിന്റെ കാര്യത്തിൽ ഈ പറയുന്ന സാഹചര്യം വർധിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്ഥലമെടുക്കലുൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾ തുടർന്നുവരുന്നുണ്ട്. എന്നാലും എത്രകണ്ടാണ് അത് വികസിച്ച് വരികയെന്ന സംശയം ഇപ്പോൾ സ്വാഭാവികമായും ഉയർന്നുവരുന്നുണ്ട്. അത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.